2 മണിക്കും 4 മണിക്കും ഇടയിൽ തൃശ്ശൂർ അമലാ ആശുപത്രിയിൽ ഹാജരാവുകയും എന്നാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചന്ദ്രബോസ് മൊഴി നൽകുവാൻ പ്രാപ്തനല്ലെന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് മൊജി രേഖപ്പെടുത്താൻ സാധിക്കാതെ തിരിച്ച് പോവുകയാണ് ഉണ്ടായത്. ഇതിനുപുറമെ ചന്ദ്രബോസിന്റെ മൊഴിയെടുക്കാൻ പറ്റുന്ന സാഹചര്യമുണ്ടായാൽ ആയത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാനെ ചികിത്സിച്ച ഡോക്ടർമാരോട് പോലീസ് അഭ്യർത്ഥിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ പോലീസ് എല്ലാവിധ പ്രോ ആക്ടീവ് നടപടികളും എടുത്തിട്ടുണ്ടായിരുന്നു.

(ഡി) ഇല്ല. പ്രതിക്കെതിരെ അനവധി ദൃക്സാക്ഷി മൊഴികളും ശാസ്ത്രീയ തെളിവുകളും മറ്റ് തെളിവുകളും ശേഖരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് കേസ്സ് ദുർബ്ബലപ്പെടുവാനുള്ള സാഹചര്യമില്ല.

(ഇ) ഉത്തരം (ബി), (സി) എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വാഹന പരിശോധന

153 (158) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനപരിശോധനയും ബോധവത്കരണവും ശക്തമാക്കിയിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഈയിനത്തിൽ എത്ര തുക വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കിയെന്ന് ആഭ്യന്തരവകുപ്പ് കണക്കാക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(എഫ്) സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും പിഴയിനത്തിൽ എന്ത് തുക ഈടാക്കിയെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) റോഡിന്റെ മറവിൽ നിന്ന് വാഹനപരിശോധന നടത്തിയതിന്റെയും ട്രാഫിക് സിഗ്നലിന്റെ സമീപത്ത് നിന്ന് വാഹനപരിശോധന നടത്തിയതിന്റെയും ഫലമായി പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായി എത്ര പേർ ഈ കാലയളവിൽ മരണപ്പെട്ട എന്ന് വ്യക്തമാക്കുമോ ; പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 6/2012 ലംഘിച്ചുകൊണ്ട് ഇപ്പോഴും ചില പോലീസ് ഉദ്യോഗസ്ഥർ ഇത്തരം വാഹനപരിശോധന നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുവാനും ഇത്തരത്തിലുള്ള വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാഹനാപകടങ്ങൾ നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ശുഭയാത്ര-2016 എന്ന പദ്ധതി നടപ്പാക്കിവരുന്നത്.

(ബി) 18-5-2011 മുതൽ 28-2-2015 വരെ വാഹനനാപകടങ്ങളിൽ 15,739 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി 7,94,744 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, ഈയിനത്തിൽ 1,01,55,50,470 രൂപ വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ 49,47,107 പെറ്റി കേസ്സുകൾ എടുക്കുകയും, പിഴയിനത്തിൽ 49,04,54,200 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ 12,69,498 പെറ്റി കേസ്സുകൾ എടുക്കുകയും പിഴയിനത്തിൽ 12,49,65,900 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ 3,20,644 പെറ്റി കേസ്സുകൾ എടുക്കുകയും, പിഴയിനത്തിൽ 3,52,22,100 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) റോഡിന്റെ മറവിൽ നിന്നും ട്രാഫിക്ക് സിഗ്നലിന്റെ സമീപത്ത് നിന്നും വാഹന പരിശോധന നടത്തിയതിന്റെ ഫലമായും പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായും ഈ കാലയളവിൽ ആരും തന്നെ മരണപ്പെട്ടിട്ടില്ല. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 06/2012 ലംഘിച്ചുകൊണ്ട് വാഹനപരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ ടി സർക്കുലർ നമ്പർ 6/2012 പാലിച്ചുകൊണ്ടായിരിക്കണം വാഹന പരിശോധനകൾ നടത്തേണ്ടതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള പോലീസ് സർവ്വീസ്

154 (159) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട് മാതൃകയിൽ ഡി.വൈ.എസ്.പി: തസ്തികയിൽ ഉൾപ്പെടെ നേരിട്ട നിയമനം നടത്തുന്ന തരത്തിൽ കേരള പോലീസ് സർവീസ് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സർക്കാരിന്റെ പരിഗണനയിലില്ല.

കൂട്ട മതംമാറ്റൽ

155 (160) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഘർവാപസി എന്ന പേരിൽ വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് കൂട്ട മതംമാറ്റൽ സംഭവം നടന്നിട്ടുള്ള വിഷയം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്, ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) ഇത്തരം സംഭവത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ-2, കോട്ടയം-5, തൃശ്ശൂർ -1 എന്നിങ്ങനെ 8 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) ഭരണഘടന അനുശാസിക്കുന്ന മതസ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly